## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5487** **15-03-2023 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി.യിൽ ഡീസൽ എത്തിക്കുന്നതിലെ ക്രമക്കേടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഡീസൽ എത്തിക്കുന്നതിൽ ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുള്ളത്; | (എ) | നെടുമങ്ങാട് ഡിപ്പോയിൽ19/2/2023-ൽ സ്വകാര്യ പമ്പിൽനിന്നും ഇൻവോയ്സ് പ്രകാരം 15000 ലിറ്റർ ഡീസലാണ് എത്തിക്കേണ്ടിയിരുന്നത്. എന്നാൽ പരിശോധനയിൽ 1000 ലിറ്റർ കുറവ് ഉള്ളതായി കണ്ടെത്തുകയും കുറവുള്ള ഡീസൽ എത്തിയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കൃത്യ അളവിൽ ഡീസൽ നൽകാത്തതിനാൽ ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; | (ബി) | നഷ്ടം ഉണ്ടായിട്ടില്ല.<br>അന്വേഷണത്തിൽ ടി അപാകത ശ്രദ്ധയിൽപ്പെട്ട ബന്ധപ്പെട്ട ഏജൻസി തന്നെ ആയത് പരിഹരിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഡീസൽ അടിക്കുന്നതിൽ കുറവ് ഉണ്ടായത് കണ്ടുപിടിക്കുന്നതിൽ ഉദ്യോഗസ്ഥ വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഇല്ല.<br>സ്വകാര്യ പമ്പിനെതിരെ ഉചിതമായ നടപടി കൈക്കൊള്ളണമെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷനോട് (IOC) ആവശ്യപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പരിശോധനയിലാണ് കുറവ് കണ്ടെത്തിയിട്ടുള്ളത്. ഡീസൽ ഡി-ക്യാന്റേഷൻ സംബന്ധിച്ച 18/9/2021-ലെ കോർപ്പറേഷന്റെ ഉത്തരവ് കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനാവശ്യമായ നിരന്തര നിരീക്ഷണവും, പരിശോധിച്ചുറപ്പാക്കലും കാര്യക്ഷമമായി തുടർന്ന് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ